# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 8, വെള്ളിയാഴ്ച

**നമ്പർ 34**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് കോവിഡ്മൂലം മരണമടഞ്ഞവരുടെ ലിസ്റ്റ് പൂർണ്ണമാകാത്തതു കൊണ്ടും, ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിന് സർക്കാർ പരാജയപ്പെട്ടതും കാരണം അർഹമായ നിരവധി കുടുംബങ്ങൾക്ക് സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള കോവിഡ് ധനസഹായം നിഷേധിക്കപ്പെടുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) ശബരിമല വിമാനത്താവള പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ ഇടപെടേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഡോ. എൻ. ജയരാജ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1593/2021 (i).

(2) മാലിന്യസംസ്കരണം ഒരു വിഷയമായി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. ടി. തോമസ് | ചെമ്പുമുക്ക് പാലം - അസ്സീസി സ്കൂൾ റോഡ് പുനർ നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. ജോയി | സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നത് സംബന്ധിച്ച് | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. എ. മജീദ് | ക്ലാരി GUP സ്കൂളിനും ചന്തപ്പടി GLP സ്കൂളിനും കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. സി. മൊയ്തീൻ | അക്കിക്കാവ് - കടങ്ങോട് - എരുമപ്പെട്ടി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും ബിസിനസ്സിന് അവശേഷിക്കുന്ന സമയം ഒരു മണിക്കൂറായതിനാൽ ഒരു ബില്ലിന് 7 മിനിറ്റ് നൽകിയാൽ മതി എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :

(i) ശ്രീ. പി. പി. ചിത്തരഞ്ജൻ നോട്ടീസ് നൽകിയ 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വപ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(ii) ശ്രീ. ടി. വി. ഇബ്രാഹിം നോട്ടീസ് നൽകിയ 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iii) ശ്രീ. സി. ആർ. മഹേഷ് നോട്ടീസ് നൽകിയ 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iv) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ നോട്ടീസ് നൽകിയ 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(v) ശ്രീ. ടി. ഐ. മധുസൂദനൻ നോട്ടീസ് നൽകിയ 2021-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(3) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർ ചർച്ച</u> :

(i) ശ്രീ. കെ. ഡി. പ്രസേനൻ, 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു . പ്രസ്താവന പൂർത്തിയായില്ല.

(ii) ശ്രീ. അനൂപ് ജേക്കബ്, 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു . പ്രസ്താവന പൂർത്തിയായില്ല.

(iii) ശ്രീ. എൻ. ഷംസുദ്ദീൻ, 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു. പ്രസ്താവനയ്ക്കുശേഷം സഭയുടെ അനുമതിയോടെ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിച്ചു.

2021 ഒക്ടോബർ 11- ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, October 8, 2021*

**No. 34**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Health and Woman and Child Development, the Speaker withheld consent to the moving of an adjournment motion given notice of by Shri P. C. Vishnunadh and five other Members to the serious situation reported to have arisen consequent to the denial of Covid compensation as directed by the Supreme Court to the eligible families due to the non-completion of the list of Covid deceased and the failure of the Government in rectifying the defects in the list prepared by the State.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. DR. N. Jayaraj called the attention of the Chief Minister to the necessity for the intervention of the State Government to resolve the technical hurdles in the implementation of the proposed Sabarimala Airport Project. The Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on behalf of the Chief Minister made a statement thereto.

KNPP. 1593/2021 (ii).

2. Shri Eldose P. Kunnappillil called the attention of the Minister for General Education and Labour to the necessity to incorporate waste management in the school curriculam as a subject. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. ടി. തോമസ് | ചെമ്പുമുക്ക് പാലം-അസ്സീസി സ്കൂൾ റോഡ് പുനർ നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. ജോയി | സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നത് സംബന്ധിച്ച് | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. എ. മജീദ് | ക്ലാരി GUP സ്കൂളിനും ചന്തപ്പടി GLP സ്കൂളിനും കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. സി. മൊയ്തീൻ | അക്കിക്കാവ് - കടങ്ങോട് - എരുമപ്പെട്ടി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Private Members' Business:*

I. The Fourth Report of the Committee on Private Members' Bills and Resolutions was considered and adopted by the House with an amendment that each bill will be alloted only 7 minute as the remaining time for the Business is 1 hour.

*II. Motion for leave to introduce the following bills:*

(i) Shri P. P. Chitharanjan moved the motion for leave to introduce The Kerala Preservation, Maintanence and Construction of Playground Bill, 2021 given notice of by him. Since the motion was opposed by the Minister for Sports, Wakf and Hajj Pilgrimage, the mover was allowed to make a brief statement. The statement was inconclusive.

(ii) Shri T. V. Ibrahim moved the motion for leave to introduce Constitution of the Kerala Housewives Welfare Fund Board Bill, 2021 given notice of by him. Since the motion was opposed by the Minister for Health and Woman and Child Development, the mover was allowed to make a brief statement. The statement was inconclusive.

(iii) Shri C. R. Mahesh moved the motion for leave to introduce The Constitution of Pension Board for Former Members of the Kerala Local Self Government Institutions Bill, 2021 given notice of by him. Since the motion was opposed by the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on behalf of the Minister for Local Self Governments, Rural Development and Excise the mover was allowed to make a brief statement. The statement was inconclusive.

(iv) Shri E. T. Taison Master moved the motion for leave to introduce The Constitution of Mahathma Gandhi National Rural Employment Guarantee Welfare Fund Board Bill, 2021 given notice of by him. Since the motion was opposed by the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on behalf of the Minister for Local Self Governments, Rural Development and Excise, the mover was allowed to make a brief statement. Based on the reply of the Minister the motion was withdrawn by the leave of the House.

(v) Shri T. I. Madhusoodanan moved the motion for leave to introduce The Kerala Regulation of Political Organisational Activities Associated with Places of Worship Bill, 2021 given notice of by him. Since the motion was opposed by the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on behalf of the Chief Minister, the mover was allowed to make a brief statement. The Statement was inconclusive.

III. *Motion for leave to introduce the following bills (Continuation of Discussion)*:

(i) Shri K. D. Prasenan continued the statement regarding the leave to introduce the Kerala Eradication of Supersition-Evil Practices Bill, 2021 given notice by him. The statement was inconclusive.

(ii) Shri Anoop Jacob continued the statement regarding the leave to introduce The Kerala Protection and Safety to Witnesses in Criminal Cases Bill, 2021 given notice by him. The statement was inconclusive.

(iii) Shri N. Samsudheen continued the statement regarding the leave to introduce The Kerala State Akshaya Entrepreneurs' Constitution of Welfare Fund Board Bill, 2021 given notice by him. After completing the statement, the motion for leave to introduce the bill was withdrawn by the leave of the House.

The House adjourned at 12.30 p.m. to meet again at 9.00 a.m. on Monday October 11, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*